ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com
ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. മെ.വി.വ. /4427(1)/2024-എഫ്4** **തീയതി: 22-08-2024**

**കാരണം കാണിക്കൽ നോട്ടീസ്**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ആയ ഡോ. ധന്യ വിജയൻ എന്ന താങ്കൾ വിദേശത്ത് ജോലി ചെയ്യുന്നതിനായി 01.06.2024 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്കായി അപേക്ഷ സമർപ്പിയ്ക്കുകയും തുടർന്ന് അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്യുന്നു. കെ.എസ്.ആർ.ഭാഗം 1 അനുബന്ധം XIIA പ്രകാരമുള്ള അവധി മുൻകാല പ്രാബല്യത്തിൽ അനുവദിക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥയില്ലാതിരിയ്ക്കുകയും, 05.11.2018-ലെ സ.ഉ. (അച്ചടി) നം 170/2018/ധന ഉത്തരവിലെ ഖണ്ഡിക viii പ്രകാരം അവധി ആരംഭിക്കുന്നതിന് മൂന്ന് മാസം മുൻപ് അവധിയ്ക്ക് അപേക്ഷിക്കാതിരിക്കുകയും അവധി അപേക്ഷയിൽ തീരുമാനം ആകുന്നതിനു മുൻപ് അവധിയിൽ പ്രവേശിക്കുകയും ചെയ്യുന്ന ജീവനക്കാർക്കെതിരെ കെ.എസ്.ആർ.ഭാഗം 1 അനുബന്ധം XIIA ചട്ടം 9 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന വ്യവസ്ഥ നിലനിൽക്കെ ഉത്തരവാദിത്തപ്പെട്ട സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളുടെ നടപടി ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമാണ്. ആയതിനാൽ ഈ നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം താങ്കൾ തിരികെ ജോലിയിൽ പ്രവേശിയ്ക്കാത്ത പക്ഷം 1960 ലെ കെസിഎസ് & സിസിഎ ചട്ട പ്രകാരം സർവീസിൽ നിന്നും പിരിച്ചു വിടുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്നറിയിയ്ക്കുന്നു.

Signed by
Thomas Mathew
Date: 22-08-2024 03:46:10

**THOMAS MATHEW**
**DIRECTOR**

സ്വീകർത്താവ്: ഡോ. ധന്യ വിജയൻ, അസിസ്റ്റന്റ് പ്രൊഫസർ,
അനസ്തേഷ്യോളജി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്,
തിരുവനന്തപുരം
(പ്രിൻസിപ്പാൾ മുഖാന്തിരം)

പകർപ്പ്: പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : **dir.dme@kerala.gov.in,** ഫോൺ: (ഓഫീസ് ) : **0471-2528575**

**dmekerala@gmail.com** ഡയറക്ടർ: **0471-2444011**

ഫാക്സ് : **0471-2443080** മെഡിക്കൽകോളേജ്. പി.ഒ, തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. മെ.വി.വ. /4427(2)/2024-എഫ്4** **തീയതി: 13-10-2024**

**കുറ്റാരോപണപത്രിക**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. ധന്യ വിജയൻ എന്ന താങ്കൾ വിദേശത്ത് ജോലി ചെയ്യുന്നതിനായി **01.06.2024** മുതൽ **5** വർഷത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്കായി അപേക്ഷ സമർപ്പിയ്ക്കുകയും തുടർന്ന് അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തു. അവധി അപേക്ഷ നിരസിച്ച് തിരികെ ജോലിയിൽ പ്രവേശിയ്ക്കാൻ നിർദേശം നൽകിയെങ്കിലും താങ്കൾ ജോലിയിൽ തിരികെ പ്രവേശിച്ചില്ല. **7** ദിവസത്തിനകം ജോലിയിൽ തിരികെ പ്രവേശിയ്ക്കണമെന്നറിയിച്ച് **22.08.2024** നു നൽകിയ നോട്ടീസിനു താങ്കൾ നൽകിയ മറുപടിയും തൃപ്തികരമല്ല. താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവിസ് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ആയതിനാൽ താങ്കൾക്കെതിരെ സർവീസ് ചട്ടങ്ങൾ അനുശാസിയ്ക്കും പ്രകാരമുള്ള വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു.

താങ്കൾക്കെതിരെ **1960** ലെ കേരള സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ നിഷ്കർഷിച്ച പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം സമർപ്പിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദ പത്രിക നൽകാനായി ഈ കുറ്റാരോപണ പത്രിക ലഭിക്കുന്ന തീയതി മുതൽ **15** ദിവസത്തെ സമയം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ പ്രതിവാദ പത്രിക ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് കൂടി അറിയിക്കേണ്ടതാണ്. അരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത രേഖകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ച് പ്രതിവാദ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിക്കു മുൻപുള്ള ഏതെങ്കിലും ദിവസം മുൻ കൂട്ടി നിശ്ചയിച്ച്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സാന്നിധ്യത്തിൽ അവയിൽ നിന്നുള്ള ഉദ്ധരണികൾ എഴുതി എടുക്കാവുന്നതുമാണ്.

മേൽ പറഞ്ഞവയ്ക്ക് ആധാരമായ കുറ്റപത്രം ഇതോടൊപ്പം ചേർക്കുന്നു.

Signed by
Thomas Mathew
Date: 13-10-2024 08:55:47

**THOMAS MATHEW**

**DIRECTOR**

സ്വീകർത്താവ്:

1. ഡോ. ധന്യ വിജയൻ , അസിസ്റ്റന്റ് പ്രൊഫസർ, അനസ്തേഷ്യ വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

(പ്രിൻസിപ്പാൾ മുഖാന്തിരം)

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : **dir.dme@kerala.gov.in,**

**dmekerala@gmail.com**

ഫാക്സ് : **0471-2443080**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം−**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /4427(1)/2024-എഫ്4** **തീയതി: 13-10-2024**

**കുറ്റപത്രം**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ആയ ഡോ. ധന്യ വിജയൻ എന്ന താങ്കൾ വിദേശത്ത് ജോലി ചെയ്യുന്നതിനായി **01.06.2024** മുതൽ **5** വർഷത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്കായി അപേക്ഷ സമർപ്പിയ്ക്കുകയും തുടർന്ന് അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തു. അവധി അപേക്ഷ നിരസിച്ച് തിരികെ ജോലിയിൽ പ്രവേശിയ്ക്കാൻ നിർദേശം നൽകിയെങ്കിലും താങ്കൾ ജോലിയിൽ തിരികെ പ്രവേശിച്ചില്ല. **7** ദിവസത്തിനകം ജോലിയിൽ തിരികെ പ്രവേശിയ്ക്കണമെന്നറിയിച്ച് **22.08.2024** നു നൽകിയ നോട്ടീസിനു താങ്കൾ നൽകിയ മറുപടിയും തൃപ്തികരമല്ല. താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവിസ് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ആയതിനാൽ താങ്കൾക്കെതിരെ സർവീസ് ചട്ടങ്ങൾ അനുശാസിയ്ക്കും പ്രകാരമുള്ള വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ കുറ്റപത്രം നൽകുന്നു.

Signed by
Thomas Mathew
Date: 13-10-2024 08:56:57

**THOMAS MATHEW**
**DIRECTOR**

സ്വീകർത്താവ്: ഡോ. ധന്യ വിജയൻ, അസിസ്റ്റന്റ് പ്രൊഫസർ,
അനസ്തേഷ്യോളജി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ് ,
തിരുവനന്തപുരം **(പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ് , തിരുവനന്തപുരം മുഖാന്തിരം)**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,

dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /4427(1)/2024-എഫ്4** **തീയതി: 12-01-2025**

**അനുബന്ധം എച്ച് 4**

**നോട്ടീസ്**

01.06.2024 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ അയ ഡോ. ധന്യ വിജയൻ എന്ന താങ്കൾക്ക് എതിരായി ഈ കാര്യാലയത്തിൽ നിന്നും നൽകിയ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവയ്ക്ക് താങ്കൾ നല്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം തൃപ്തികരമായ മറുപടി സമർപ്പിയ്ക്കുകയോ ജോലിയിൽ തിരികെ പ്രവേശിയ്ക്കുകയോ ചെയ്യാത്ത പക്ഷം താങ്കൾക്ക് ഈ വിഷയത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളെ സർവിസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള അന്തിമ നടപടികൾ സ്വികരിക്കുന്നതാണ്.

Signed by
Thomas Mathew
Date: 12-01-2025 10:26:50

**THOMAS MATHEW**

**DIRECTOR**

ഭരണ ഭാഷ
മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com
ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ.മെ.വി.വ. /4427(2)/2024-എഫ്4** **തീയതി: 12-01-2025**

| |
|---|
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്<br><br>വിൻഡോ നമ്പർ ഐ പി ആർ ഡി .....................................<br><br>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്<br>കേരളം, തിരുവനന്തപുരം<br><br>01.06.2024 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. ധന്യ വിജയൻ- ന് എതിരായ അച്ചടക്ക നടപടി. പ്രതിവാദ പത്രിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ലഭിക്കേണ്ടതാണ്.<br><br>വിശദ വിവരങ്ങൾക്ക് www.dme.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. |

Signed by
Thomas Mathew
Date: 12-01-2025 10:27:35

**THOMAS MATHEW**

**DIRECTOR**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : **dir.dme@kerala.gov.in,**

**dmekerala@gmail.com**

ഫാക്സ് : **0471-2443080**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /4427(3)/2024-എഫ്4** **തീയതി: 12-01-2025**

സ്വീകർത്താവ്,

ഡയറക്ടർ
പബ്ലിക് റിലേഷൻസ് വിഭാഗം
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ/മാഡം,

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്-ജീവനക്കാര്യം-ഡോ. ധന്യ വിജയൻ, അസിസ്റ്റന്റ് പ്രൊഫസർ, അനസ്തേഷ്യോളജി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം -അച്ചടക്ക നടപടി- നോട്ടീസ് -അനുബന്ധം എച്ച്4, അനുബന്ധം എച്ച് 5 മാതൃകയിൽ നോട്ടീസ് പ്രസിദ്ധീകരിക്കാൻ നടപടി- സംബന്ധിച്ച്

സൂചന : **1.13.10.2024** ലെ മെ.വി.വ. /**4427/2024**-എഫ്4 നം. കുറ്റപത്രം, കുറ്റാരോപണ പത്രിക

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. ധന്യ വിജയൻ**0 01.06.2024** മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ ടിയാൾക്ക് എതിരായ നോട്ടീസ് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് അനുബന്ധം എച്ച്4, അനുബന്ധം എച്ച് 5 മാതൃകയിൽ ഇതോടൊപ്പം അയയ്ക്കുന്നു. ഉചിത മേൽ നടപടി സ്വീകരിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

വിശ്വസ്തതയോ

Signed by
Thomas Mathew
Date: 12-01-2025 10:26:17

**THOMAS MA'**

**DIRE**

ഉള്ളടക്കം: മേൽ പറഞ്ഞവ